Recd/07
12/05

File No.DB4/17/2020-LSGD

5098
19/3/20

16/3/2020

കേരള സർക്കാർ

നമ്പർ: ഡിബി4/17/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം.
തീയതി: 11/03/2020

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതു വിദ്യാഭ്യാസ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ - സംബന്ധിച്ച്.

സൂചന:- 1. 28/01/2020ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.40

2. ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 31/12/2019ലെ 495/2019/MEDN നമ്പർ കത്ത്.

**

വിദ്യാഭ്യാസ മേഖലക്ക് ഏറെ ഗുണം ചെയ്യുന്ന താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ജനപ്രതിനിധികളുടെയും, പി.ടി.എ പ്രസിഡന്റുമാരുടെയും, വിദ്യാലയ മേധാവികളുടെയും, ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും, 2020 പൊതു വിദ്യാഭ്യാസ രംഗത്തെ സുവർണ്ണവർഷമാക്കി മാറ്റുന്നതിനായും താഴെപ്പറയുന്ന വിഷയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉണ്ടാകുന്നതിനായും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുന്നു.

1.2020 ജനുവരി മുതൽ " ലഹരി മുക്ത കാമ്പസ്" എന്ന ആശയം നടപ്പിലാക്കാൻ തുടങ്ങുകയാണ്. ജനകീയ സമിതികൾ ഓരോ കാമ്പസിലും നിലവിൽ വരുന്നുണ്ട്. ഇതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ;

2. "പഠനോത്സവങ്ങൾ". നാടിന്റെ അക്കാദമിക് ഉത്സവങ്ങളാക്കി മാറ്റുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ;

DB1

3.അധ്യാപകരേയും പി.ടി.എയേയും കൂടി സഹകരിപ്പിച്ച് ഗൃഹസന്ദർശനം നടത്തുന്നതിനാവശ്യമായ സഹായം;

4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സഹായത്തോടെ ഓരോ കാമ്പസും ശുചിത്വ സുരക്ഷിത കാമ്പസുകളാക്കി മാറ്റുന്നതിന് ഇടപെടൽ;

5.അടുത്ത വർഷത്തെ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ പൊതു വിദ്യാലയങ്ങളുടെ ആവശ്യങ്ങൾക്കു കൂടി പ്രോജക്ടുകൾ ഉൾക്കൊള്ളിക്കണം;

6."വൃത്തിയുള്ള ശുചിമുറി" എന്ന പദ്ധതിക്ക് വിദ്യാഭ്യാസ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും ചേർത്ത് പദ്ധതി ലക്ഷ്യം 2020 ജൂൺ 1 ന് മുമ്പ് കൈവരിക്കത്തക്ക രീതിയിൽ ഇടപെടൽ.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

DB1

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുന്നതിനായി)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ( ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്) തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

Endt. No. DB2/5090/20/CG/LSGD dt. 27/05/20

All officers are directed to comply with the above direction from Government.

yours faithfully

CHIEF ENGINEER